പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1341 — 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ക്ക് ധനസഹായം

ചോദ്യം

ശ്രീ. ഹൈബി ഈഡൻ

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരം ഏറ്റശേഷം കെ.എസ്.ആർ.ടി. ക്ക് പ്രത്യേക ധനസഹായം എന്തെങ്കിലും നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.ക്ക് പ്രത്യേക ധനസഹായം നൽകിയിട്ടില്ല. എന്നാൽ, 2016-17 സാമ്പത്തിക വർഷം പ്രതിമാസ പെൻഷന്റെ പകുതി നൽകുവാൻ വായ്പയായി 305 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി വിഹിതമായി 40.61 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്കുള്ള വായ്പയായി 200 കോടി രൂപയും പദ്ധതി വിഹിതമായി 44.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. ക്ക് പ്രത്യേക ധനസഹായമായി സർക്കാർ എന്തു തുകയാണ് അനുവദിച്ചിരുന്നത്? | (ബി) | 2011-16 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് പ്രത്യേക ധനസഹായമായി തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല. ടി കാലയളവിൽ വായ്പയായി 1220.82 കോടി രൂപയും പദ്ധതി വിഹിതമായി 263.04 കോടി രൂപയും ഗ്രാന്റായി 32 കോടി രൂപയും ഡീസൽ സബ്സിഡിയായി 28 കോടി രൂപയും അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ